നം. എച്ച് 2- 30319/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 02/05/2017
Email - swdkerala@gmail.com
Phone - 0471-2306040

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് – വിദൂര വിദ്യാഭ്യാസം, ഓപ്പൺ സ്കൂൾ/ കോളേജ് എന്നീ സംവിധാനങ്ങളിലൂടെ വിദ്യാഭ്യാസം ചെയ്യുന്ന ഭിന്നശേഷിക്കാർക്ക് / അംഗപരിമിതർക്ക് – സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി - സംബന്ധിച്ച്.

സൂചന :- 26.04.2017 ന നടന്ന സർക്കാർ തല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് മിനുട്ട്സ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ ഓപ്പൺ സ്കൂൾ/ കോളേജ്, വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ നിരവധി കോഴ്സുകൾ ചെയ്തു വരുന്ന അംഗപരിമിതരായ നിരവധി കുട്ടികൾ സംസ്ഥാനത്ത് ഉണ്ട്. ഇത്തരത്തിൽ ഡിഗ്രി തലത്തിലും അതിനുമുകളിലും വിദ്യാഭ്യാസം ചെയ്യുന്ന ഭിന്നശേഷിക്കാരായ കുട്ടിയ്ക്ക് പരമാവധി 10,000/- രൂപ എന്ന നിരക്കിൽ ഒരു ജില്ലയിൽ കുറഞ്ഞത് 15 കുട്ടികൾക്ക് വീതം 14 ജില്ലകളിലായി ഒരു വർഷം 210 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതി നടപ്പു സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതിന് സൂചന പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന ടി പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം നൽകുന്നതിനും, ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി വിശദാംശങ്ങളിൽ വിവരിക്കുന്ന നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നതിനും, ലഭ്യമാകുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി അർഹതപ്പെട്ടവർക്ക് അനുവദനീയമായ തുകയ്ക്ക് ശുപാർശ സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

**NB**: കഴിഞ്ഞ സാമ്പത്തിക വർഷം ഈ കാര്യാലയത്തിൽ നിന്നും മേൽ പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്.

എല്ലാ ജില്ലാ സാ.നീ. ഓഫീസർമാർക്കും

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

Dh/-

"ഭരണഭാഷ - മാതൃഭാഷ"

**ഓപ്പൺ സ്കൂളുകൾ / കോളേജുകൾ, വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ ഡിഗ്രിതലത്തിലും അതിനു മുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി**

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന അംഗപരിമിതർക്ക് വിദ്യാഭ്യാസ സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ട്. എന്നാൽ അംഗപരിമിതത്വംമൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വീട്ടിൽ തന്നെ പഠനം നടത്തുന്ന നിരവധിപേർ ഓപ്പൺ സ്കൂൾ വഴിയും ഓപ്പൺ കോളേജ് സംവിധാനത്തിലൂടെ നിരവധി കോഴ്സുകൾ ചെയ്തുവരുന്നുണ്ട്. ഇത്തരത്തിൽ ഡിഗ്രിതലത്തിലും അതിനുമുകളിലും കോഴ്സുകളിൽ പഠിക്കുന്ന അംഗപരിമിതർക്ക് വിദ്യാഭ്യാസ ധനസഹായപദ്ധതി നടപ്പിലാക്കാവുന്നതാണ്.

അംഗപരിമിതരുമായും അവർക്കായി പ്രവർത്തിക്കുന്ന NGO ഭാരവാഹികളുമായുള്ള ചർച്ചയിൽ ഇത്തരത്തിലുള്ള പദ്ധതി ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വളരെ പ്രയോജനകരമാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഭിന്നശേഷിയുള്ളവർക്കായി 2015ൽ പുറപ്പെടുവിച്ച സംസ്ഥാനനയ രേഖയിലും വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓപ്പൺ സ്കൂളുകളിലും / കോളേജുകളിലും ഓപ്പൺ യൂണിവേഴ്സിറ്റികളിലും പഠിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ ധന സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

**ലക്ഷ്യങ്ങൾ**

1. അംഗവൈകല്യംമൂലം വിദ്യാഭ്യാസ സ്ഥാപനത്തിൽ എത്തിപ്പെടുവാൻ കഴിയാത്തവർക്ക് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് സാധിക്കുന്നു.
2. വൈകല്യമുള്ളവർക്ക് വിദ്യാഭ്യാസം നേടുക വഴി സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നതാണ്.

**Components**

യൂണിവേഴ്സിറ്റികളിലും ഓപ്പൺ സ്കൂളുകളിലും രജിസ്റ്റർ ചെയ്ത് പഠിക്കുന്ന കുട്ടികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫീസ്, Exam fees, പഠനോപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക, Equipments എന്നിവ വാങ്ങുന്നതിനായി പ്രതിവർഷം പരമാവധി 10,000/- രൂപയോ യഥാർത്ഥ ചെലവോ ഇതിൽ ഏതാണോ കുറവ് പ്രസ്തുത തുക അനുവദിക്കാവുന്നതാണ്.

## Budget

## College Level

നടപ്പുസാമ്പത്തികവർഷം ഓരോ ജില്ലയിലും ഇത്തരത്തിൽ ധനസഹായത്തിനർഹരാകുന്ന 15 പേർ വീതം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഒരു കുട്ടിയ്ക്ക് 10,000/- രൂപ പ്രകാരം ഒരു ജില്ലയ്ക്ക് 15 x 10,000 = 1,50,000/- രൂപ നീക്കി വയ്ക്കാവുന്നതാണ്. ഇപ്രകാരം 14 ജില്ലയിലേയ്ക്ക് നടപ്പു സാമ്പത്തികവർഷത്തിൽ ആകെ 21,00,000/- രൂപ വകയിരുത്താവുന്നതാണ്.

ഇതിനാവശ്യമായ തുക 2235-60-200-83(P)ൽ നിന്നും വഹിക്കാവുന്നതാണ്.

## നടത്തിപ്പ്

ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ആയതിന് ചുവടെപറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

a) Open School / Open Unviersityകളിലോ രജിസ്റ്റർ ചെയ്തവരായിരിക്കണം

b) വാർഷികവരുമാനം 1 ലക്ഷം രൂപയിൽ കവിയാൻ പാടില്ല

c) ബന്ധപ്പെട്ട കോഴ്സിന്റെ കാലാവധി ദൈർഘ്യത്തിന് ശേഷമേ ധനസഹായം അനുവദിക്കുകയുള്ളൂ.

d) നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ കോഴ്സ് ആരംഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ജില്ലാസാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതാണ്.

e) അപേക്ഷയോടൊപ്പം യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫീസ്, Exam fees എന്നിവയുടെ രേഖകൾ, പാഠോപകരണങ്ങൾ, Equipments എന്നിവ വാങ്ങിയതിന്റെ രേഖകൾ എന്നിവ ശിശുവികസനപദ്ധതി ഓഫീസറുടെ മേലൊപ്പോട് കൂടി ഹാജരാക്കേണ്ടതാണ്.

f) Open School / Open Unviersityയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായ സർട്ടിഫിക്കറ്റ് / രേഖ ഹാജരാക്കേണ്ടതാണ്.

g) ലഭിച്ച അപേക്ഷകൾ പരിശോധന നടത്തി ശുപാർശ സഹിതം ജില്ലാസാമൂഹ്യനീതി ഓഫീസർമാർ തുക അനുവദിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

സാമൂഹ്യനീതിഡയറക്ടർക്കുവേണ്ടി

SUNDARI.C.
Assistant Director
Directorate of Social Justice
Vikas Bhavan
Thiruvananthapuram 33